**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2708** **13-12-2022 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയു ന്നതിനായി ഉപഭോക്താക്കൾ ബില്ലുകൾ ചോദിച്ചു വാങ്ങുന്ന രീതി പ്രോത്സാഹിപ്പിക്കാൻ ജി.എസ്. ടി. വകുപ്പ് ഏർപ്പെടുത്തിയ ലക്കി ബിൽ മൊബൈൽ ആപ്പ് സമ്മാന പദ്ധതിയിൽ എത്ര രൂപയുടെ സമ്മാനമാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | നികുതി വെട്ടിപ്പ് തടയുന്നതിനായി മൊത്തം 5 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്. പ്രതിദിന നറുക്കെടുപ്പിലൂടെ കുടുംബശ്രീ നൽകുന്ന 1000/- രൂപ വിലവരുന്ന ഗിഫ്റ്റ് പാക്കറ്റുകൾ 25 പേർക്കും വനശ്രീ നൽകുന്ന 1000/- രൂപ വിലവരുന്ന ഗിഫ്റ്റ് പാക്കറ്റുകൾ 25 പേർക്കും ലഭിക്കും. പ്രതിവാര നറുക്കെടുപ്പിലൂടെ കെ.റ്റി.ഡി.സി യുടെ 3 പകൽ /2 രാത്രി വരുന്ന സൗജന്യ ഫാമിലി താമസസൗകര്യം 25 പേർക്കും ലഭിക്കും. പ്രതിമാസ നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായി ഒരാൾക്ക് 10 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 2 ലക്ഷം രൂപ വീതം 5 പേർക്കും മൂന്നാം സമ്മാനമായി 1 ലക്ഷം രൂപാ വീതം 5 പേർക്കും ലഭിക്കും. ബംബർ സമ്മാന വിജയിക്ക് 25 ലക്ഷം രൂപയാണ് ലഭിക്കുന്നത്. |
| (ബി) | ഒന്നാം സമ്മാനവും ബംബർ സമ്മാനവും ഉൾപ്പെടെയുള്ള സമ്മാനങ്ങളുടെ നറുക്കെടുപ്പ് നടത്തിയിട്ടുണ്ടോ: പ്രസ്തുത നറുക്കെടുപ്പിൽ വിജയിച്ചവർക്ക് സമ്മാനം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | ഒന്നാം സമ്മാനവും ബംബർ സമ്മാനവും ഉൾപ്പെടെയുള്ള സമ്മാനങ്ങളുടെ നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് സെപ്റ്റംബർ 3-ാം തിയതി നടത്തുകയും അതിന്റെ സമ്മാനം നവംബർ 21-ന് വിജയികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സെപ്റ്റംബർ മാസത്തിലെയും ബംബർ സമ്മാനത്തി ന്റെയും നറുക്കെടുപ്പ് 05/12/2022 ന് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ